11
ആഗസ്റ്റ് 2023
വെള്ളി
Pages- 5
Vol. 2 Issue 189

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

558



## തിരുവല്ലയിൽ ഐക്യ പെന്തകോസ്ത്

# കൺവൻഷൻ ജനുവരി 6ന്

പേജ് 4 കാണുക

## മണിപ്പൂർ കലാപത്തിൽ രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകണം : സുപ്രീം കോടതി



എഡിറ്റോറിയൽ

**ക്രിസ്ത്യൻ ലൈവ്**

2023 ആഗസ്റ്റ് 11 വെള്ളി



# മരുഭൂമി ഉദ്യാനമായിത്തീരും

**ലോ**കത്തിൽ അനാഥമാക്കപ്പെട്ട അനേകം ദ്വീപുകൾ ഉണ്ട്. ഒരിക്കൽ വിനോദത്തിന്റെയും സംഗീതത്തിന്റെയും സംസ്കാരത്തിന്റെയും ജീവൻ തുടിച്ചിരുന്ന ദ്വീപുകൾ പിന്നീട് ശ്മശാനഭൂമി പോലെയായി മാറി. സ്കോട്ലൻഡിനോട് ചേർന്ന് കിടക്കുന്ന ഒരു ദ്വീപാണ് ഹിർത്ത.
രണ്ടായിരം വർഷം ഈ ദ്വീപിൽ സുഖസമൃദ്ധമായ മനുഷ്യ വാസമുണ്ടായിരുന്നു. 1800 കളിൽ പരമ്പരാഗതമായ അവിടുത്തെ ജനങ്ങളുടെ ജീവിത ശൈലിയിലേക്ക് ആധുനികതയുടെ ആശയങ്ങളോടുകൂടെ അനേകം ടൂറിസ്റ്റുകൾ വരുവാൻ തുടങ്ങി. തുടക്കത്തിൽ അനേകം വരുമാനം ഈ ദ്വീപുകൊണ്ട് ഉണ്ടായെങ്കിലും പിന്നീട് പരമ്പരാഗതമായ ശൈലി നഷ്ടമായതിനാൽ അവിടുത്തെ മനുഷ്യർ പതുക്കെ ദ്വീപിൽ നിന്നും ഒഴിഞ്ഞു പോയി. 1930 കളിൽ ഈ ദ്വീപിൽ നിന്നും മനുഷ്യർ പൂർണ്ണമായി പടിയിറങ്ങി. പണ്ടത്തെ വീടുകളുടെ അവശിഷ്ടങ്ങൾ ഇവിടെ കാണാം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുറെ ആടുകളും അസംഖ്യം കടൽ പക്ഷികളും ഇന്നിവിടെയുണ്ട്.

ഇറ്റലിയുടെ പോവേഗ്ലിയ ദ്വീപിൽ ഒരിക്കൽ ആഘോഷങ്ങൾ ഉണ്ടായിരുന്നു. എന്നാൽ 17001800 കളിൽ പകർച്ചവ്യാധികളാൽ ബുദ്ധിമുട്ടിയവരെ താൽകാലിക വാസത്തിനായി ഇവിടെ കൊണ്ടുവന്നു. ആശുപത്രികളും മാനസികാരോഗ്യ കേന്ദ്രങ്ങളും ഇവിടെയുണ്ടായിരുന്നു. നെപ്പോളിയന്റെ ആയുധപ്പുരയായിരുന്ന ഈ ദ്വീപിൽ ഇന്ന് ജനവാസമില്ല.

ന്യൂയോർക്കിനോട് ചേർന്ന് കിടക്കുന്ന നോർത്ത് ബ്രദർ ദ്വീപ് ആകർഷകമായ പച്ചപ്പും വലിയ കെട്ടിടങ്ങളും ഒക്കെയുള്ള ഒരു ദ്വീപായിരുന്നു. 1880 കളിൽ പകർച്ചവ്യാധികളുള്ളവരെ ചികൽസിച്ച റിവർസൈഡ് ആശുപത്രി ഇവിടെ പ്രവർത്തനം തുടങ്ങി. ടൈഫോയ്ഡ് പനി ബാധിച്ചവരെ ഇവിടെ താമസിപ്പിച്ചു. രണ്ടാം ലോക മഹാ യുദ്ധത്തിൽ മുറിവേറ്റവരെ ഇവിടെ ചികിൽസിച്ചു. 1960 മുതൽ നോർത്ത് ബ്രദർ ഐലൻഡ് ഒരു അനാഥമാക്കപ്പെട്ട ദ്വീപാണ്.


ഇന്ത്യയിലെ ആൻ്റമാൻസിലെ റോസ് ഐലണ്ടിന് പറയാനുള്ളത് ഒരു ഇരുണ്ട ചരിത്രമാണ്. 1875 ൽ ബ്രിട്ടീഷുകാർ കയ്യേറിയ ഈ ദ്വീപിൽ ഇന്ത്യയിലെ ബ്രിട്ടീഷ് വിരുദ്ധ സമരക്കാരെ പാർപ്പിച്ചു. പിന്നീട് റോസ് ഐലൻഡിൽ സീനിയർ ഓഫീസേഴ്സിന് പാർക്കുവാനുള്ള ഹെഡ്ക്വാർട്ടേഴ്സ് നിർമ്മിച്ചു. വലിയ കൊട്ടാരങ്ങൾ ഇവിടെ ഉയർന്നു. 1940 മുതൽ ഇവിടെ നിന്നും ആളുകൾ പിന്മാറുവാൻ തുടങ്ങി. ഇന്ന് അവിടെയുള്ള കെട്ടിടങ്ങളിൽ വലിയ വേരുകളുള്ള കാട്ടുചെടികൾ പടർന്നു കയറി അനാഥമാക്കപ്പെട്ട നിലയിലാണ്.

മുയലുകളുടെ താവളമായിത്തീർന്ന ജപ്പാനിലെ ഒക്നോഷിമ ദ്വീപ്, ഒരിക്കൽ സന്യാസിമാരുടെ താവളമായിരുന്ന അയർലണ്ടിലെ ഇനിശ്മുറെ ദ്വീപ്, കാനഡയിലെ നോവാസ്കോഷിയൻ ദ്വീപായ മക്നാബ്സ് ദ്വീപ്, അങ്ങനെ അനേകം ദ്വീപുകൾ ഒരിക്കൽ സ്നേഹത്തിന്റെയും ജീവന്റെയും സംഗീതത്തിന്റെയും ആഡംബരത്തിന്റെയും പ്രൗഢിയുടെയും തീരങ്ങൾ ഇന്ന് മനുഷ്യന് പ്രവേശിക്കുവാൻ സാധ്യമാകാത്ത വിധം പാമ്പുകളും തേളുകളും വന്യജീവികളും നിറഞ്ഞു അനാഥമാക്കപ്പെട്ട നിലയിലാണ്.

മനുഷ്യർക്കും ഇത് സംഭവിക്കാം. ഒരിക്കൽ എല്ലാവരും അവരുടെ സ്വന്തമാണ് നാമെന്നു ധരിപ്പിച്ച് എന്നേക്കുമുള്ള സൗഹൃദവും ബന്ധവും ഉറപ്പു തരുന്നു.
എന്നാൽ കുറെ കാലം കഴിയുമ്പോൾ കാലാവസ്ഥയ്ക്ക് മാറ്റം വരുന്നു. സംശയത്തിന്റെയും അവിശ്വാസത്തിന്റെയും വെറുപ്പിന്റെയും അവഗണനയുടെയും കാർമേഘങ്ങൾ പ്രത്യക്ഷപ്പെടുന്നു. സകലതും തകർത്തു വാരുന്നതുപോലുള്ള പ്രശ്നങ്ങൾ ഉടലെടുക്കുന്നു.

പിന്നെ എങ്ങനെയെങ്കിലും നശിച്ചു കാണണമെന്ന ആഗ്രഹത്തോടെ ശത്രുക്കളുടെ കൂടെ കൂടി കരുക്കൾ നീക്കുന്നു. സ്നേഹമുള്ളവർ പോലും കൂടെ കൂടുവാൻ മടിച്ചു മനുഷ്യസ്നേഹത്തിന്റെ സ്വാർത്ഥതകൾ വെളിപ്പെടുന്നു. അനാഥരാക്കപ്പെട്ട എത്രയോ ജീവിതങ്ങൾ നമ്മുടെ ചുറ്റിനുമുണ്ട്. ആൾകാരാൽ വെറുക്കപ്പെട്ടവർ. ഉറ്റ സുഹൃത്തുക്കളാൽ ഒറ്റിക്കൊടുക്കപ്പെട്ടവർ, ചാർച്ചക്കാരാൽ ഉപേക്ഷിക്കപ്പെട്ടവർ.

സകലതും നഷ്ടപ്പെട്ട ഒരു ജീവിതമാണോ താങ്കളുടേത്? ഒന്നും വളരുവാൻ ഒരു പ്രതീക്ഷയുമില്ലാത്ത ചുറ്റുപാടിലാണോ നിങ്ങളുടെ ജീവിതം. ദൈവത്തിന് നിങ്ങളെ ആവശ്യമുണ്ട്. വെള്ളമില്ലാത്ത ഇടത്തു നീരുറവ തുറക്കുന്ന ദൈവം, ഉപേക്ഷിക്കപ്പെട്ടവരെ ലാളിക്കുന്ന ദൈവ സ്നേഹം, തകർന്നതിനെ പുതുക്കിപ്പണിയുന്ന ദൈവ കരങ്ങൾ. ഒന്നുമില്ലായ്മയിൽ നിന്നും സകലത്തിലേയ്ക്കും മടക്കി വരുത്തുന്ന ദൈവ സാന്നിധ്യം. ദൈവം ഒരുവനെ അനാഥമാക്കുകയില്ല.
ദൈവം അനാഥർക്ക് സംരക്ഷണം നൽകുന്നു.



കൂടെ നിൽക്കാമെന്ന് വാക്കു പറഞ്ഞ മനുഷ്യരും, പ്രസ്ഥാനങ്ങളും, ഭരണകൂടവും നമുക്ക് വൈരികളാകുമ്പോൾ, ദൈവം തുടങ്ങിവച്ച ഒരു പ്രവർത്തിയും ദൈവം ഉപേക്ഷിക്കില്ല. ഈ ലോകം മുഴുവനും നമുക്കെതിരായെങ്കിലും, ദൈവം നമുക്കനുകൂലമെങ്കിൽ പ്രതികൂലം ആര്?

**ബ്ലസൺ ചെറിയാൻ, കാനഡ**

# മണിപ്പൂരിലെ അക്രമത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ പങ്ക് പരിശോധിക്കണം: സുപ്രീം കോടതി

ഡൽഹി: മണിപ്പൂർ അക്രമ സംഭവങ്ങളിൽ പോലീസ് ഉദ്യോഗസ്ഥരുടെ പങ്കും പരിശോധിക്കണമെന്ന് സുപ്രീം കോടതി നിർദേശം. മണിപ്പൂരിൽ അക്രമം നടത്തിയവർക്ക് പോലീസ് കൂട്ടുനിന്നതായി ഉത്തരവിൽ പറയുന്നു. ഈ ആരോപണങ്ങൾ ഉൾപ്പെടെ അന്വേഷിക്കാൻ മഹാരാഷ്ട്ര മുൻ ഡിജിപി ദത്താത്രേയ പദ്സാൽഗിക്കറോട് സുപ്രീം കോടതി നിർദേശിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കാൻ ആവശ്യമായ സഹായം നൽകാൻ കേന്ദ്രസംസ്ഥാന സർക്കാരുകളോട് സുപ്രീം കോടതി ഉത്തരവിട്ടു. മഹാരാഷ്ട്ര മുൻ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ദത്താത്രേയ പദ്സാൽഗിക്കറോടും അന്വേഷണ റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പിക്കാൻ ഉത്തരവിട്ടിട്ടുണ്ട്. മെയ് മൂന്നിന് മണിപ്പൂരിലാണ് വർഗീയ സംഘർഷം ആദ്യം ആരംഭിച്ചത്. മെയ്തേയി സമുദായത്തെ പട്ടികവർഗത്തിൽ (എസ്ടി) ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൽ പ്രതിഷേധിച്ചാണ് മലയോര ജില്ലകളിൽ 'ആദിവാസി ഐക്യദാർഢ്യ മാർച്ച്' സംഘടിപ്പിച്ചത്. മാർച്ചിന് നേരെയുണ്ടായ ആക്രമണം ആളിക്കത്തി വർഗീയ സംഘർഷത്തിലേക്ക് വഴിവെയ്ക്കുകയായിരുന്നു.

# വീണ്ടും നുഴഞ്ഞുകയറ്റക്കാരനെ വെടിവച്ചു കൊന്നു ഇന്ത്യൻ സൈന്യം

ഡൽഹി: വീണ്ടും നുഴഞ്ഞുകയറ്റ ശ്രമം പരാജയപ്പെടുത്തി ഇന്ത്യൻ സൈന്യം. പഞ്ചാബിലെ താൺ തരൺ ജില്ലയിലെ അന്താരാഷ്ട്ര അതിർത്തിയിൽ പാകിസ്ഥാൻ നുഴഞ്ഞുകയറ്റക്കാരനെ അതിർത്തി സേന വെടിവച്ചു കൊന്നു. രാവിലെ തെക്കലൻ ഗ്രാമത്തിന് സമീപം ഒരാളുടെ സംശയാസ്പദമായ നീക്കം അതിർത്തി സുരക്ഷാ സേനയുടെ ശ്രദ്ധയിൽപ്പെടുകയായിരുന്നു.നുഴഞ്ഞുകയറ്റക്കാരനോട് സൈന്യം പിന്തിരിയാൻ ആവശ്യപ്പെട്ടെങ്കിലും അയാൾ നിർത്താതെ മുന്നോട്ട് നീങ്ങി. ഭീഷണിയുണ്ടെന്ന് മനസ്സിലാക്കിയ ബിഎസ്എഫ് ജവാൻമാർ വെടിയുതിർക്കുകയായിരുന്നു.

# റാന്നി വെസ്റ്റ് സെന്റർ പിവൈപിഎ : മെഗാ ബൈബിൾ ക്വിസ്

റാന്നി: റാന്നി വെസ്റ്റ് സെന്റർ പിവൈപിഎ യുടെ നേതൃത്വത്തിൽ റാന്നി ഐപിസി സീയോൻ വെള്ളിയറ തിയാടിക്കൽ സഭയിൽ ഓഗസ്റ്റ് 29 ന് രാവിലെ 9 മണി മുതൽ മെഗാ ബൈബിൾ ക്വിസ് നടക്കും. 15 മുതൽ 45 വയസ്സ് വരെ ആയിരിക്കും പ്രായപരിധി. ഓരോ ഗ്രൂപ്പിനും 100 രൂപയാണ് രെജിസ്ട്രേഷൻ ഫീസ്. രണ്ടോ മൂന്നോ പേർ അടങ്ങുന്നതാണ് ഗ്രൂപ്പുകൾ. സഭാ വ്യത്യാസമെന്യേ ഒരു സഭയിൽ നിന്ന് എത്ര ഗ്രൂപ്പുകൾക്കു വേണമെങ്കിലും പങ്കെടുക്കാം.
ഉല്പത്തി, യെശയ്യാവ് , യോഹന്നാന്റെ സുവിശേഷം, അപ്പോസ്തോല പ്രവർത്തികൾ എന്നീ പുസ്തകങ്ങളിൽ നിന്നായിരിക്കും മത്സരങ്ങൾ നടക്കുക. ഒന്നാം സമ്മാനം 7500 രൂപയും, രണ്ടാം സമ്മാനം 5000 രൂപയും , മൂന്നാം സമ്മാനം 3000 രൂപയും ആയിരിക്കും. പാസ്റ്റർ മനോജ് മാത്യു ജേക്കബ് (വെള്ളിയറ ) ആണ് ക്വിസ് മാസ്റ്റർ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ടീമുകൾക്ക് 8606489781, 9544268967 എന്നി നമ്പറുകളിൽ വിളിച് രജിസ്റ്റർ ചെയ്യാം.

**Christian Live (Malayalam) Advertisement Tariff**

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George
**Editors:** Pr Sajo Thonikkuzhiyil, Pr. Titus Johnson, Pr. Sam Elambal, Joji Iype Mathews, Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# 2,000 വർഷം പഴക്കമുള്ള ശെക്കേൽ നാണയം കണ്ടെടുത്തു

യെരുശലേം: യിസ്രായേൽ പുരാവസ്തു ഗവേഷകർ വിശുദ്ധ യെരുശലേം എന്ന് ഹീബ്രു ഭാഷയിൽ രേഖപ്പെടുത്തിയ 2000 വർഷം മുമ്പുള്ള ശെക്കേൽ വെള്ളി നാണയം കണ്ടെടുത്തു. യഹൂദ മരുഭൂമിയിൽ എൻ !ഗെദി മേഖലയിൽ യിസ്രായേൽ ആന്റികിറ്റി അതോറിട്ടി, പൈതൃക സംരക്ഷണ വകുപ്പ് എന്നിവർ നടത്തിയ സംയുക്ത ഉൽഖനനത്തിനിടയിലാണ് ശെക്കേൽ വെള്ളി നാണയം കണ്ടെത്തിയത്. എഡി 6667 കാലഘട്ടത്തിൽ റോമക്കാർക്കെതിരായ ആദ്യത്തെ യഹൂദ വിപ്ളവത്തിന്റെ ഒന്നാം വർഷത്തിൽ ഉപയോഗിച്ചിരുന്നതാണ് ഈ അര ശെക്കേൽ വെള്ളി നാണയമെന്ന് യിസ്രായേൽ ആന്റികിറ്റി അതോറിട്ടി ബുധനാഴ്ച പ്രസ്താവനയിൽ പറഞ്ഞു.



യഹൂദ വിപ്ളവത്തിന്റെ ആദ്യ വർഷത്തിലെ നാണയങ്ങൾ ഇതുപോലെ അപൂർവ്വമാണ്. രണ്ടാം യെരുശലേം ദൈവാലയ കാലഘട്ടത്തിൽ യഹൂദന്മാർ ദൈവാലയത്തിൽ അരശെക്കേൽ നാണയങ്ങൾ നികുതിയായി അടച്ചിരുന്നു. ഏകദേശം രണ്ടു നൂറ്റാണ്ടുകളായി ഈ സംഭാവനയ്ക്കായി ശുദ്ധമായ വെള്ളിയും പ്രദേശത്തെ പദവിയുടെ ചിഹ്നവും കൊണ്ട് നിർമ്മിച്ച ടൈറിയൻ നാണയങ്ങൾ ഉപയോഗിച്ചിരുന്നു.

കലാപ സമയത്ത് വിമതർ യിസ്രായേൽ ശെക്കേൽ !, അര ശെക്കേൽ എന്നിവ ആലേഖനം ചെയ്ത ഇത്തരം നാണയങ്ങൾ പുറത്തിറക്കിയിരുന്നു. വിപ്ളവ കാലത്തും ദൈവാലയ കാലത്തെ ആചാരങ്ങൾ തുടർന്നുവെന്നു കണ്ടെത്തിയ അപൂർവ്വമായ ഈ നാണയവും ഓരോ പുതിയ കണ്ടെത്തലുകളും ജനങ്ങളുടെയും രാജ്യത്തിന്റെയും ചരിത്രത്തിലേക്ക് പുതിയ സംഭാവനകളായിക്കൊണ്ടിരിക്കുകയാണെന്ന് യഹൂദ ഡെസേർട്ട് സർവ്വേ ആൻഡ് എക്സവേഷൻ പ്രൊജക്ടിലെ അമീർ ഗാനോർ പ്രസ്താവനയിൽ പറഞ്ഞു.

# സി.എ ജനറൽ ക്യാമ്പ് രജിസ്ട്രേഷൻആരംഭിച്ചു

കുട്ടിക്കാനം : അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിന്റെ യുവജന വിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ ജനറൽ ക്യാമ്പ് ആഗസ്റ്റ് 29, 30, 31, 1 (ചൊവ്വ, ബുധൻ , വ്യാഴം, വെള്ളി) തിയതികളിൽ കുട്ടിക്കാനം മാർ ബെസേലിയോസ് എൻജിനിയറിങ്ങ് കോളേജിൽ നടക്കും. അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിന്റെ യുവജന വിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ ജനറൽ ക്യാമ്പ് ആഗസ്റ്റ് 29, 30, 31, 1 (ചൊവ്വ, ബുധൻ , വ്യാഴം, വെള്ളി) തിയതികളിൽ കുട്ടിക്കാനം മാർ ബെസേലിയോസ് എൻജിനിയറിങ്ങ് കോളേജിൽ നടക്കും.

ക്യാമ്പിൽ പങ്കെടുക്കുന്നവർക്കായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഈ ചതുർദിന ക്യാമ്പിന്റെ രജിസ്ട്രേഷൻ 750 രൂപയാണ്. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഏ.ജി സഭകളിൽ നിന്നായി ആയിരത്തിലധികം സി.എ അംഗങ്ങൾ പങ്കെടുക്കും. ഡിസ്ട്രിക്ട് സി എ പ്രസിഡന്റ് പാസ്റ്റർ ജോസ് റ്റി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന ക്യാമ്പ് 29 ന് സഭാ സൂപ്രണ്ട് റവ.റ്റി.ജെ സാമുവൽ ഉദ്ഘാടനം ചെയ്യും.

ഡോ. ഐസക് വി മാത്യു . ഏജി മലയാളം ഡിസ്ട്രിക്ട് അസിസ്റ്റന്റ് സുപ്രണ്ട് , തോമസ് ഫിലിപ് ഏജി മലയാളം ഡിസ്ട്രിക്ട് സെക്രട്ടറി, യുവജന പ്രഭാഷകനായ പാസ്റ്റർ ബോവസ് മാത്യു (യു എസ് എ ) കേരള ക്രിക്കറ്റ് ടിം കോച്ചും ഇൻഡ്യൻ ക്രിക്കറ്റ് ടീം മുൻ അംഗവുമായ ടിനു യോഹന്നാൻ , വെല്ലൂർ മെഡിക്കൽ കോളേജ് ഡോകടർ ഐഡ ജോസഫ് ഫിന്നി എന്നിവരായിരിക്കും മുഖ്യപ്രഭാഷകർ. ഇവരെ കൂടാതെ അദ്ധ്യാപകരും ദൈവദാസൻ മാരും വിവിധ സെക്ഷനുകളിൽ ക്ലാസുകളെടുക്കും

വിജ്ഞാനപ്രഥവും ആത്മിക പ്രചോദനവു മായ ക്ലാസുകൾ, ചർച്ചകൾ, കാത്തിരിപ്പു യോഗം , ഗെയിംമുകൾ തുടങ്ങി വിവിധ പ്രോഗ്രാമുകൾ ഈ ക്യാമ്പിൽ ക്രമീകരിച്ചിട്ടുണ്ട്. യുവജനങ്ങൾ ഈ കാലഘട്ടത്തിൽ അഭിമുഖീകരിക്കുന്ന വിഷയങ്ങളെ ആസ്പദ മാക്കി പ്രത്യേക കൗൺസിലിങ്ങ് ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്. ബൈബിൾ ക്ലാസുകൾക്കും പ്രഭാഷണങ്ങൾക്കും ഗാനശുശ്രുഷകൾക്കും അനുഗ്രഹിതരായ ദൈവദാസൻമാരും അദ്ധ്യാപകരും നേതൃത്വം നല്കും

## പ്രാർത്ഥനാസംഗമം ഒരുക്കുന്ന 12 മണിക്കൂർപ്രാർത്ഥനയും ഉപവാസവും നാളെ

കൊച്ചുമോൻ ആന്താര്യത്ത്, ഷാർജ

ഷാർജ : പ്രാർത്ഥനാസംഗമം ഒരുക്കുന്ന 12 മണിക്കൂർ പ്രാർത്ഥനയും ഉപവാസവും നാളെ (ഓഗസ്റ്റ് 12 ശനിയാഴ്ച )രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ (യു. എ. ഇ സമയം) നടക്കും. പാസ്റ്റർ സുധീർ കുറുപ്പ്, പാസ്റ്റർ സാം ജോർജ്, പാസ്റ്റർ ഫിലിപ്പോസ് പി. മാത്യു,സിസ്റ്റർ ജെസ്സി സാജു ,പാസ്റ്റർ ജെ. വിൽസൺ, പാസ്റ്റർ ജോർജ് വർഗീസ് എന്നിവർ ദൈവ വചനം ശ്രുശൂഷിക്കുകയും പാസ്റ്റർ ജയ്ലാൽ ലോറൻസ്, പാസ്റ്റർ പി. സി. മാത്യു,ബ്രദർ ബിനോയ് ലുക്കാസ്,ബ്രദർ ഷിബു ജോൺ, സിസ്റ്റർ സെലിൻ ഷിബു എന്നിവർ ആരാധനക്ക് നേതൃത്വം നൽകും. രാജ്യങ്ങൾക്ക് വേണ്ടിയും ( Pray for Nations ) മറ്റുള്ളവരെ വിഷയങ്ങൾക്ക് വേണ്ടിയും ഇന്ത്യക്കു വേണ്ടിയും പ്രത്യേകിച്ചു മണിപ്പൂരിനു വേണ്ടിയും ഉള്ള പ്രാർത്ഥനകൾക്ക് പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ നേതൃത്വം നൽകും. Zoom ao-änw-Kv ID 332 242 5551 Paascode: 2020

## നിത്യതയിൽ



പൂനെ: പള്ളിപ്പാട് കൊക്കായിൽ വീട്ടിൽ പാസ്റ്റർ കെ . തോമസ് (82 ) നിത്യതയിൽ പ്രവേശിച്ചു.സംസ്കാര ശുശ്രുഷ നാളെ ഉച്ചക്ക് 12:30 ന് പൂനെ പിമ്പിരി ക്രിസ്ത്യൻ സെമിത്തേരിയിൽ.

റൂർക്കലസ്റ്റീൽ പ്ലാന്റിലെ മുൻഉദ്യോഗസ്ഥനായിരുന്ന ഇദ്ദേഹം ദീർഘകാലം ഒറീസയിൽ സുവിശേഷ പ്രവർത്തനത്തിലായിരുന്നു. കുന്നം മാവിലേക്കര തളിപ്പറമ്പ് കുടുംബാംഗം അമ്മിണി തോമസാണ് ( റൂർക്കല സ്റ്റീൽ പ്ലാന്റ് റിട്ടയേർഡ് ഉദ്യോഗസ്ഥ ) ഭാര്യ. മക്കൾ ഫിന്നി തോമസ് ( കുവൈറ്റ്), ബ്ലെസി റജി (യൂ ഏ ഇ), ഡെയ്സി ജോൺ (പൂനെ ) മരുമക്കൾ ബീന ഫിന്നി (കുവൈറ്റ് ), പാസ്റ്റർ. റജി മാത്യു (ഗില്ഗാൽ എ ജീ, ഷാർജ ), പാസ്റ്റർ. സാജു ജോൺ ( ഫിലദൽഫിയാ ചർച്ച്,പുനെ).

## ഭാരതപ്പുഴകൺവൻഷൻ

ഒറ്റപ്പാലം: പ്രസിദ്ധമായ ഭാരതപ്പുഴ കൺവെൻഷന്റെ സിൽവർ ജൂബിലി കൺവെൻഷൻ ഫെബ്രു. 8 മുതൽ 11 വരെ ഭാരതപ്പുഴ മണൽപ്പുറത്ത് നടക്കും. 50 ലേറെ പെന്തെക്കോസ്ത് സഭകൾ ചേർന്നാണ് കൺവെൻഷൻ നടത്തുന്നത്. ഭാരവാഹികളായി പാസ്റ്റർ കെ.കെ. വിൽസൺ (പ്രസിഡന്റ്), പാസ്റ്റർ വി.എം. രാജു (വൈസ് പ്രസിഡണ്ട്), പി.കെ. ദേവസ്യ (സെക്രട്ടറി), പാസ്റ്റർ അജീഷ് ജോസഫ് (ജോയിന്റ് സെക്രട്ടറി), പാസ്റ്റർ പി.കെ. ചെറിയാൻ (ട്രഷറർ), സഹി മത്തായി കാതേട്ട് (പ്രോഗ്രാം കോഓർഡിനേറ്റർ), സാം കൊണ്ടാഴി (മീഡിയ കൺവീനർ), ബിജു തടത്തിവിള (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർമാരായ ബിജു, പ്രേംകുമാർ, മണികണ്ഠൻ, ജോർജ് ഇ.വി (പ്രയർ കൺവീനേഴ്സ്) എന്നിവരെ തിരഞ്ഞെടുത്തു. പാസ്റ്റർമാരായ ഇ.പി. വർഗീസ്, ഉമ്മച്ചൻ വർഗീസ്, എൽ. ജസ്റ്റസ് എന്നിവരാണ് രക്ഷാധികാരികൾ.

## സീയോൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാജുവേഷൻ

കോട്ടയം : ഐപിസി പാമ്പാടി സെന്ററും കോട്ടയം തിയോളജിക്കൽ സെമിനാരിയും സംയുക്തമായി നടത്തുന്ന സീയോൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ ഗ്രാജുവേഷൻ ആഗസ്റ്റ് 12 ന് അരീപ്പറമ്പ് ശാലോം സഭയിൽ നടക്കുന്ന മാസയോഗത്തിൽ നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ സാം ദാനിയേൽ അദ്ധ്യക്ഷത വഹിക്കും. ഡോ. ജോസഫ് ജോൺ (വൈസ് പ്രിൻസിപ്പൽ, കോട്ടയം തിയോളജിക്കൽ സെമിനാരി) മുഖ്യ സന്ദേശം നൽകും. 28 വിദ്യാർത്ഥികൾ ഗ്രാജുവേഷൻ ചെയ്യും. പാസ്റ്റന്മാരായ കെ.എ വർഗീസ്, ചാക്കോ മാത്യു, ജോർജ് വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകും.

## 75 ന്റെ നിറവിൽ മേപ്രാൽ ചർച്ച് ഓഫ് ഗോഡ്

മേപ്രാൽ : പ്ലാറ്റിനം ജൂബിലിയുടെ തിളക്കത്തിലാണ് ചർച്ച് ഓഫ് ഗോഡ് മേപ്രാൽ ദൈവസഭ. തിരുവല്ലയ്ക്കടുത്ത് മേപ്രാൽ എന്ന കാർഷിക ഗ്രാമത്തിൽ 1948 പ്രവർത്തനം ആരംഭിച്ച ദൈവസഭ 75 വർഷങ്ങൾ പിന്നിടുമ്പോൾ വളരെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു കൊണ്ടാണ് മുന്നേറുന്നത് . ഒരു ദേശത്തിന്റെ ആത്മീയ ഉണർവിന് നേതൃത്വം നൽകുവാൻ മേപ്രാൽ ദൈവസഭയ്ക്ക് സാധിച്ചു എന്നു പറയുന്നതു വളരെ സന്തോഷകരമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവസഭയുടെ തലമുറകൾ ദൈവരാജ്യത്തിന്റെ വ്യാപ്തിക്കുവേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അനേകം മിഷനറിമാരെ വാർത്തെടുക്കുവാൻ ദൈവസഭയ്ക്ക് സാധിച്ചിട്ടുണ്ട്. ആത്മിക രാഷ്ട്രിയ സാമൂഹിക മണ്ഡലങ്ങളിലെ വ്യക്തികളെ ഉൾപ്പെടുത്തി കൊണ്ട് വളരെ വിപുലമായ പ്ലാറ്റിനം ജൂബിലി പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.


ഏപ്രിൽ മാസം രണ്ടാം തീയതി ബഹുമാനപ്പെട്ട സ്റ്റേറ്റ് ഓവർസീയർ ഞല്. ഇഇ ഠവീാമെശ്യ ന്റെ ആശംസകളോടെ പാസ്റ്റർ ഖ.ഷീലെുവ (ടൗിറമ്യ ടരവീീഹ ജ്യലശെറലിേ & ഉശ്യേൃശരേ ജമെലേീൃ) പ്രാർത്ഥിച്ചു ലോഗോ പ്രകാശനം ചെയ്തു ആരംഭിച്ച ജൂബിലി പ്രവർത്തനങ്ങൾ ഡിസംബർ 23ൽ വിപുലം ആയി നടക്കുന്ന സമാപന സമ്മേളനത്തോടെ അവസാനിക്കും. പരസ്യ യോഗങ്ങൾ,മുറ്റത്തെ കൺവെൻഷൻ, ബൈബിൾ ക്ലാസുകൾ, വിദ്യാഭ്യാസ സഹായം, ഭക്ഷ്യകിറ്റ് വിതരണം, പാർപ്പിട പദ്ധതി തുടങ്ങി സുവിശേഷ പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഒരുപോലെ മുൻ തൂക്കം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് നടന്നുവരുന്നത്. പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് ദൈവസഭയുടെ സുവനീർ ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## പി.സി.ഐ പാലക്കാട് മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാ സംഗമം

വടക്കാഞ്ചേരി : പെന്തെകോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ പാലക്കാട് ജില്ലയുടെ ആഭിമുഖ്യത്തിൽ മണിപ്പൂർ കലാപത്തിനെതിരെ , ഐക്യ ദാർഢ്യ പ്രാർത്ഥനാ സംഗമം ഇരുപതാം തീയതി ഞായറാഴ്ച വൈകിട്ട് നാലു മണി മുതൽ 6 മണി വരെ ഐപിസി ഗോസ്പൽ സെൻറർ വടക്കാഞ്ചേരി സഭ അങ്കണത്തിൽ വച്ച് നടക്കുന്നു. പാസ്റ്റർ ബിനു മാത്യു, പാസ്റ്റർ ജോഷി പി എം, ബ്രദർ ജോർജ് തോമസ് എന്നിവർ ഈ മീറ്റിങ്ങിന് നേതൃത്വം നൽകുന്നു.

# മണിപ്പൂർ കലാപത്തിൽ രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകണം;സുപ്രീം കോടതി

ഡൽഹി :മണിപ്പൂർ കലാപത്തിൽ രണ്ട് മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതിയോട് ഉത്തരവിട്ട് സുപ്രീം കോടതി. അന്വേഷണത്തിന് ആവശ്യമായ സഹായം നൽകാൻ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും സുപ്രീംകോടതി നിർദ്ദേശം നൽകി. രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് ഉത്തരവ്. ഇരു റിപ്പോർട്ടുകളും ഒക്ടോബർ 13 ന് കോടതി പരിഗണിക്കും. ഉത്തരവിന്റെ പകർപ്പ് കഴിഞ്ഞ ദിവസം രാത്രിയാണ് പുറത്തിറക്കിയത്. മണിപ്പൂരിൽ അക്രമം നടത്തിയവരുമായി പൊലീസ് ഒത്തുകളിച്ചെന്ന ആരോപണങ്ങളിൽ അന്വേഷണം നടത്താനും ദത്താത്രയ് പദ്സാൽഗിക്കറോട് സുപ്രീം കോടതി നിർദ്ദേശിച്ചു. സ്വമേധയ എടുത്ത കേസ് ഉൾപ്പെടെ വിവിധ ഹർജികൾ പരിഗണിച്ചാണ് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഢ് അധ്യക്ഷനായ ബെഞ്ചിൻറെ ഇടപെടലുണ്ടായത്. മുൻ ഹൈക്കോടതി വനിതാ ജഡ്ജിമാർ അടങ്ങുന്ന ഉന്നതതല സമിതിയെയാണ് അന്വേഷ ണത്തിനു നിയോഗിച്ചിട്ടുള്ളത്. മുൻ ജഡ്ജിമാരായ ഗീത മിത്തൽ, ശാലിനി പി ജോഷി, മലയാളിയായ ആശ മേനോൻ എന്നിവരടങ്ങുന്നതാണ് സമിതി. അന്വേഷണങ്ങൾക്ക് പുറമെ പുനരധിവാസം, ദുരിതാശ്വാസ പ്രവർത്തനം, നഷ്ടപരിഹാരം തുടങ്ങിയ കാര്യങ്ങളും സമിതിയുടെ പരിധിയിൽ വരും. ഇതുസംബന്ധിച്ച റിപ്പോർട്ട് സമിതി കോടതിക്ക് സമർപ്പിക്കും.




# തിരുവല്ലയിൽ ഐക്യ പെന്തകോസ്ത് കൺവൻഷൻ ജനുവരി 6 ന്



ഐക്യപെന്തക്കോസ്ത് കൺവൻഷൻ ഉണർവ്വ് 2024 ആലോചനായോഗത്തിൽ പങ്കെടുത്ത വിവിധ പെന്തക്കോസ്ത് സഭാനേതൃത്വങ്ങളും പ്രതിനിധികളും

തിരുവല്ല: ഇന്ത്യയിൽ പെന്തക്കോസ്ത് പിന്നിട്ട നൂറ് വർഷങ്ങൾ വൻ ആത്മീയമുന്നേറ്റമാക്കി മാറ്റുവാൻ ഭാരതത്തിലെ സമസ്തപെന്തക്കോസ്തരും മലങ്കരയുടെ മണ്ണിൽ സംഗമിക്കുന്നു. ജനു. 6 ന് തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയത്തിലാണ് ' ഉണർവ്വ് 2024' ഐക്യ പെന്തക്കോസ്ത് കൺവൻഷൻ സംഘടിപ്പിച്ചിരിക്കുന്നത്.

'ഉണർവ്വ് 2024' ന്റെ ചെയർമാന്മാരായി റവ ഡോ. കെ സി. ജോൺ, പാസ്റ്റർ ജേക്കബ് ജോൺ, റവ ഒ എം.രാജുക്കുട്ടി, റവ റോയി ദാനിയേൽ മാത്യൂ, റവ. എൻ. പി കൊച്ചുമോൻ, റവ.സി .പി മാത്യു തുടങ്ങി വിവിധ പെന്തക്കോസ്ത് സഭകളുടെ ലീഡർമാർ പ്രവർത്തിക്കും. ഭരതത്തിൽ ഇന്നു വരെ നടന്നിട്ടില്ലാത്ത വൻ ഉണർവ്വ് യോഗമാണ് സംഘാടകർ ലക്ഷ്യമിടുന്നത്.

ആഗസ്റ്റ് 9 ന് തിരുവല്ലാ തോംസൺ ഹോട്ടലിൽ നടന്ന ആലോചന യോഗത്തിൽ പാസ്റ്റർ കെ.എ. ഉമ്മൻ, പാസ്റ്റർ ജെ. ജോസഫ് (ചർച്ച് ഓഫ് ഗോഡ്) പാസ്റ്റർ കെ.എസ്. ശാമുവേൽ, ബ്രദർ ജിനു വർഗീസ് (അസംബ്ലീസ് ഓഫ് ഗോഡ്) പാസ്റ്റർ ജോൺസൺ കെ. ശാമുവേൽ, പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം (ശാരോൻ ഫെലോഷിപ്പ് ചർച്ച്), പാസ്റ്റർ റ്റി.എം. കുരുവിള, പാസ്റ്റർ ലിജോ കെ ജോസഫ് (ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ്) റവ. എൻ.പി. കൊച്ചുമോൻ (ചർച്ച് ഓഫ് ഗോഡ് റീജിയൻ), പാസ്റ്റർ പോത്തൻ (സുവാർത്ത ചർച്ച്), റവ. സി.പി. മാത്യു, പാസ്റ്റാർ കുക്കൂ മാത്യൂ ഫിലിപ്പ്, പാസ്റ്റർ ടി .ജെ തോമസ് (ന്യൂ ലൈഫ് ചർച്ച് പാമ്പാടി), പാസ്റ്റർ സൽമോൻ കെ. ഏബ്രഹാം (കല്ലുമല ചർച്ച് ഓഫ് ഗോഡ്), റവ റോയി ദാനിയേൽ മാത്യൂ (ഫെയ്ത്ത ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ്), പാസ്റ്റർ ജിപ്സൺ (ട്രിനിറ്റി ചർച്ച്), പാസ്റ്റർ വി.ജി. ഈശോ, പാസ്റ്റർ സി.കെ. രാജു (ഫിലദെൽഫിയ ചർച്ച് ഓഫ് ഗോഡ്) പാസ്റ്റർ ടി .സി മാത്യൂ (വേൾഡ് റിവൈവൽ ചർച്ച്) തുടങ്ങിയവർ പങ്കെടുത്തു.

ജനുവരി ഒന്നിന് തിരുവനന്തപുരത്തു നിന്നും കാസർഗോഡ് നിന്നും അരംഭിക്കുന്ന രണ്ട് പ്രാർത്ഥനാ സന്ദേശ റാലികൾ തെക്ക് വടക്ക് ജില്ലകളിൽ പര്യടനം നടത്തി ആറിന് തിരുവല്ലയിൽ എത്തിചേരും. തിരുവല്ല പബ്ലിക്ക് സ്റ്റേഡിയത്തിൽ ക്രമീകരിക്കുന്ന വിശാലമായ പന്തലിൽ 7ന് വൈകിട്ട് 5 മണിയ്ക്ക് 'ഉണർവ്വ് 2024 ഐക്യ പെന്തക്കോസ്ത് കൺവൻഷൻ' പ്രാർത്ഥിച്ച് ആരംഭിക്കും.

രാവിലെ 5 മുതൽ 8 വരെ കാത്തിരിപ്പ് യോഗം, 8 മുതൽ 10 വരെ ബൈബിൾ ധ്യാനം, 10 മണി മുതൽ 1 മണി വരെ പൊതുയോഗം, ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ നടക്കുന്ന വിവിധ യോഗങ്ങളിൽ സഹേദരിമാർക്കും, യുവജനങ്ങൾക്കും പ്രത്യേക യോഗം നടക്കും. സുവിശേഷം നിമിത്തം പീഡനം അനുഭവിച്ചിട്ടുള്ള മണിപ്പൂർ ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള ദൈവമക്കളുടെ അനുഭവ സാക്ഷ്യങ്ങൾ. 5 മണി മുതൽ ലോകത്തര സംഗീത ബാന്റുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംഗീത സന്ധ്യ & മ്യൂസിക്ക് വർഷിപ്പ് ഉണ്ടായിരിക്കും. കൂടാതെ 100 വർഷം പിന്നിടുന്ന പെന്തക്കോസ്തിന് കേരളത്തിൽ നിന്നുള്ള 100 ഗായകരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ക്വയർ ഗാനങ്ങൾ ആലപിക്കും.

ബ്രദർ ഗ്ലാഡ്സൺ ജേക്കബ് ജനറൽ കൺവീനറും, ബ്രദർ സജി പോൾ ഫിനാൻസ് കൺവിനുമാണ്. ഡപ്യൂട്ടി കോർഡിനേറ്റർമാരായി പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ തോമസ് കുര്യൻ, പാസ്റ്റർ ദാനിയേൽ തോമസ്, പാസ്റ്റർ ജെ. ജോസഫ്, ബ്രദർ മാത്യൂ സാം എന്നിവർ പ്രവർത്തിക്കും. വൈസ് ചെയർമാൻമാർ പാസ്റ്റർ കെ .എസ് .ജോസഫ്, പാസ്റ്റർ ഏബ്രഹാം ഉമ്മൻ, പാസ്റ്റർ ജോൺ എസ് മരത്തിനാൽ, പാസ്റ്റർ റോയി പുവക്കാലാ, പാസ്റ്റർ രാജൻ ഏബ്രഹാം, പാസ്റ്റർ കെ.എസ്. ശാമുവേൽ, ബ്രദർ ജോയി താനുവേലിൽ, ബ്രദർ ജി കുഞ്ഞച്ചൻ വാളകം, ബ്രദർ കൂര്യൻ ജോസഫ് എന്നിവരാണ്. വിവിധ കമ്മറ്റി കൺവീനർമാരായി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, പാസ്റ്റർ റ്റി.വൈ. ജോൺസൺ, പാസ്റ്റർ ലിജോ കെ. ജോസഫ്, പാസ്റ്റർ പ്രിൻസ് നിലമ്പൂർ, ബ്രദർ എൻ.സി ബാബു, ബ്രദർ സജി വെൺമണി, ബ്രദർ നെബു ആമല്ലൂർ, ബ്രദർ ജോസ് ഓതറ, ബ്രദർ ഷെറിൻ കാഹളം, ബ്രദർ ജസ്റ്റിൻ നെടുവേലിൽ, പാസ്റ്റർ ജെറി പുവക്കാലാ, ബ്രദർ അജു അലക്സ് മേപ്രാൽ, പാസ്റ്റർ ജിബിൻ പുവക്കാലാ, സിസ്റ്റർ പ്ലെൻസി ഹല്ലേലൂയ്യാ. വിപുലമായ ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്നതാണ്. കൂപ്പണുകൾ തികച്ചും സൗജന്യമായിരിക്കും. താമസ സൗകര്യം വേണ്ടവർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ആഗസ്റ്റ് 20 ഞായറാഴ്ച്ച നാലിന് തിരുവല്ലയിൽ നടക്കുംന്ന യോഗത്തിൽ കൺവൻഷന്റെ വിജയത്തിനായി 126 അംഗ കമ്മറ്റി തെരഞ്ഞെടുക്കുമെന്ന് മീഡിയ കൺവീനർമാരായ ജോജി ഐപ്പ് മാത്യൂസ്, പാസ്റ്റർ ഷാജു അലിമുക്ക് എന്നിവർ അറിയിച്ചു.




CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA PRODUCTION LIVE STREAMING